Fo FMIS [handwritten initials]/PRO

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

## തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി: 19.08.2019

**പമ്പാമണൽ ഇ-ലേലം ചെയ്യുന്നു**

കഴിഞ്ഞ വർഷം ആഗസ്റ്റിലുണ്ടായ പ്രളയത്തെ തുടർന്ന് പമ്പാനദിയിൽ അടിഞ്ഞുകൂടിയതും പ്ലാപ്പള്ളി ഫോറസ്റ്റ് സ്റ്റേഷനിലെ പമ്പ ഹിൽടോപ്പ്, ചക്കുപാലം-1 എന്നീ സ്ഥലങ്ങളിൽ ശേഖരിച്ചിരിക്കുതുമായ മണലിന്റെ ഇ-ലേലം ആഗസ്റ്റ് 30, സെപ്തംബർ 17,30, ഒക്ടോബർ 10, 25 എന്നീ തീയതികളിൽ നടക്കും. 1000 ക്യുബിക് മീറ്റർ മണൽ വീതമുള്ള ഓരോ ലോട്ടുകളിലായാണ് ലേലം നടക്കുക. ആകെ 57 ലോട്ടുകളിലായി നടക്കുന്ന ലേലത്തിൽ 29 എണ്ണത്തിന്റെ ലേലം രാവിലെയും 28 എണ്ണത്തിന്റേത് ഉച്ചക്കു ശേഷവും നടക്കും. കെട്ടിടനിർമ്മാണ പ്രവർത്തികൾക്കും ലാൻസ്കേപ്പിംഗിനും ഈ മണൽ അനുയോജ്യമാണെന്ന് ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. രജിസ്ട്രേഷൻ, നിരതദ്രവ്യം കെട്ടിവെയ്ക്കൽ തുടങ്ങിയ ഇ-ലേല നടപടികൾക്ക് ഇതിനായി നിയോഗിച്ചിട്ടുള്ള ഏജൻസിയായ എം.എസ്.റ്റി.സി.യുമായി ബന്ധപ്പെടാവുന്നതാണ്( ഫോൺ 0471 2529137) . കൂടുതൽ വിവരങ്ങൾ എം.എസ്.റ്റി.സി.യുടെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ നിന്നോ റാന്നി വനം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (ഫോൺ നമ്പർ-04735-227558), ഗൂഡ്രിക്കൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് (ഫോൺ: 04735-279063) നിന്നോ അറിയാവുന്നതാണ്.

[signature]

**ഡോ. അഞ്ചൽ കൃഷ്ണകുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ**